(സി) ജില്ലകളിലെ യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും യുവജനക്ഷേമ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജില്ലാ തലത്തിൽ യുവജനക്ഷേമ ആഫീസും ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആലോചിക്കുന്നതിനായി നിർദ്ദേശം നൽകുമോ ;

(ഡി) ജില്ലാ യുവജനക്ഷേമ ആഫീസറുടെ തസ്തികകൾ സൃഷ്ടിച്ച് ജില്ലയിലെ യുവജനക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഏർപ്പെടുത്തുന്നതാണ്.

(സി&ഡി) യുവജനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിച്ച് ശുപാർശകൾ നൽകാൻ നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം അവ പരിശോധിച്ച് യുക്തമായ ഒരു തീരുമാനം എടുക്കുന്നതാണ്. അതിനുമുൻപായി ജില്ലാതല യൂത്ത് സെന്ററുകൾ തുടങ്ങുന്നതാണ്.

അശ്വതിക്ക് നൽകിയ ചികിത്സാ സഹായം

28 (2578) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഡിസംബറിൽ നടന്ന റൂറൽ ഖോഖോ നാഷണലിൽ പങ്കെടുക്കുന്നതിന് കൽക്കട്ടയിലേയ്ക്ക് പോയ പട്ടികജാതിയിൽപ്പെട്ട തിരുവനന്തപുരത്ത് മുരുക്കുംപുഴ കണിയാപുരം കരിച്ചാറക്കുന്നുവിള വീട്ടിൽ വേണുവിന്റെ മകളും കണിയാപുരം മുസ്ലീം ഹൈസ്ക്കൂൾ വിദ്യാർത്ഥിനിയുമായ അശ്വതിയ്ക്ക് തലയ്ക്കേറ്റ പരുക്കിന് ചികിത്സിക്കുവാൻ ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് 2000-മാണ്ട് ഫെബ്രുവരിയിൽ പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും അപേക്ഷ കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) അശ്വതിയുടെ ചികിത്സയ്ക്ക് വേണ്ടി എന്തെല്ലാം സഹായം പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട് ;

(ഡി) ഒരു സഹായവും നൽകാത്തപക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) നിവേദനം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly